**വ്യക്തിപരമായ വിശദീകരണം**

മന്ത്രിക്കെതിരെ ഒരംഗം നടത്തിയ പരാമർശം സംബന്ധിച്ച്

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിനോട് സന്തോഷം തോന്നിയ സന്ദർഭമാണിത്. ബില്ലിനെ അനുകൂലിക്കുന്നു എന്ന് പറഞ്ഞ വാക്ക്; ഞാൻ ആദ്യം മുതൽ പറഞ്ഞിട്ടുള്ള ഒരു വിഷയം ബില്ലിനെ അനുകൂലിച്ച് മാറ്റങ്ങൾ നിർദ്ദേശിക്കുകയാണ് വേണ്ടതെന്നാണ്, അതല്ലാത്ത അന്തരീക്ഷം രൂപപ്പെട്ടതുകൊണ്ടാണ് ആദ്യം അങ്ങനെ സംസാരിക്കേണ്ടി വന്നത്. ഇടുക്കിയിൽ നിന്നുള്ള മെമ്പറെന്ന നിലയിൽ എന്നോട് ചോദിച്ച ചോദ്യങ്ങൾ പ്രസക്തമാണ്. അത്തരം കാര്യങ്ങളിൽ എന്താണ് നിലകൊള്ളുന്നുവെന്നുള്ള ബോധ്യം..., അതിന്റെ നിയമവശം എനിക്ക് മനസ്സിലായില്ല. ഞാൻ ബഹുമാനപ്പെട്ട സുപ്രീം കോടതി പറഞ്ഞ കാര്യം ഇവിടെ ഉന്നയിച്ചു. ആക്ടിൽ വ്യവസ്ഥയില്ലാത്തതുകൊണ്ട്, 1960-ൽ കൊണ്ടുവന്ന ആക്ടിൽ പത്തുപതിനേഴ് ഭേദഗതികൾ കൊണ്ടുവന്നല്ലോ; എന്നാൽ 1960-ലെ ആക്ട് മാത്രം മതിയായിരുന്നു, കാലാനുസൃതമായ ചട്ടങ്ങളിൽ ഭേദഗതി വരുത്തേണ്ട കാര്യമില്ലായിരുന്നല്ലോ;

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: ആക്റ്റിന് വിരുദ്ധമായി ചട്ടം കൊണ്ടുവരാൻ കഴിയുമോ?

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, അതുകൊണ്ടല്ലേ പറഞ്ഞത്; ഡോ. മാത്യൂ കുഴൽനാടന് ഇപ്പോൾ ഒരു കാര്യം മനസ്സിലായി, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെപോലെ സീനിയർ ലീഡർ സംസാരിച്ചപ്പോൾ നമ്മൾ അംഗീകരിച്ചു. അതാണ് ശരി; ആക്ടിൽ വ്യവസ്ഥ വേണം. അതിനുവേണ്ടിയാണ് നിയമം കൊണ്ടുവന്നത്. അതുതന്നെയാണ് ഈ ബില്ലിന്റെ ലക്ഷ്യം, അത് ഞങ്ങൾ അംഗീകരിച്ചിരിക്കുന്നു. ചോദ്യങ്ങളില്ല; ഇനി എന്തിനാണ് ഡോ. മാത്യൂ കുഴൽനാടൻ പറഞ്ഞ വാദഗതി. ഞാൻ അതിനുവേണ്ടി വ്യക്തിപരമായ വിശദീകരണം എഴുതി ചോദിച്ച് വാങ്ങിയതാണ്. ഞാൻ പറഞ്ഞത്, കാലാനുസൃതമായി ചട്ടങ്ങളിൽ പല മാറ്റങ്ങളും വന്നിട്ടുണ്ട്. ഈ ചട്ടങ്ങളിൽ മാറ്റം വരേണ്ടത് അനിവാര്യമാകണമെന്നുണ്ടെങ്കിൽ നിയമത്തിൽ ഭേദഗതിയുണ്ടാകണം. അതിനുവേണ്ടി കൊണ്ടുവന്ന ബില്ലാണിത്. വരാൻ പോകുന്ന പട്ടയത്തിന് എന്തുണ്ടാകുമെന്നുള്ള ആശങ്കയെ സംബന്ധിച്ചിടത്തോളം, 2023 വരെ ലഭിച്ചിട്ടുള്ള പട്ടയങ്ങളിൻമേൽ ഇനിയൊരു നിർമ്മാണം നടത്തണമെങ്കിലും

അത്തരം കാര്യങ്ങളുടെ സാധ്യതകൾ അംഗീകരിക്കുന്നതാണ് ഈ ബിൽ. അത് ആദ്യം ബില്ലിൽ വ്യവസ്ഥ വച്ചപ്പോൾ തന്നെ വ്യക്തമാക്കിയിട്ടുണ്ട്. ഉദ്യോഗസ്ഥരെല്ലാം പ്രശ്നക്കാരണെന്ന് പറഞ്ഞിട്ട് കാര്യമില്ല. അത് നിയന്ത്രിക്കാവുന്നതേയുള്ളൂ. അതുസംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി വിശദമാക്കും.

മി. ചെയർമാൻ: ബഹുമാനപ്പെട്ട മന്ത്രി......

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ഡോ. മാത്യു കുഴൽനാടൻ പറഞ്ഞതിനോട്, ചട്ടങ്ങൾ രൂപപ്പെടുത്തുന്ന കാര്യം അനിവാര്യമാകുന്നതിനാണ് നിയമം കൊണ്ടുവരുന്നത്.